www.societytodaynews.com
2024 AUGUST
28
WEDNESDAY
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## സംവിധായകൻ മോഹൻ അന്തരിച്ചു



**തിരുവനന്തപുരം :** എൺപതുകളിലെ മലയാള സിനിമയ്ക്കു നവഭാവുകത്വത്തിലേക്കു വഴികാട്ടിയ സംവിധായകരിൽ പ്രധാനിയായ എം. മോഹൻ അന്തരിച്ചു. കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് അന്ത്യം. 23 ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്. രണ്ട് പെൺകുട്ടികൾ, ശാലിനി എന്റെ കൂട്ടുകാരി, വിടപറയും മുമ്പേ, ഇളക്കങ്ങൾ തുടങ്ങിയവയാണ് ശ്രദ്ധേയ സിനിമകൾ.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലായിരുന്നു പ്രീഡിഗ്രി പഠനം. മദ്രാസിലെ ജെയ്ൻ കോളജിൽ ബികോം പഠിക്കാൻ ചേർന്നതാണ് സിനിമയിലേക്കുള്ള വഴിയായത്. ക്രൈസ്റ്റിലെ ലോനപ്പൻ എന്ന അധ്യാപകൻ അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ഉദയ കൃഷ്ണൻകുട്ടിക്കും സ്റ്റിൽ ഫൊട്ടോഗ്രഫർ പി.ഡേവിഡിനും മോഹനെ പരിയപ്പെടുത്തി. അച്ഛന്റെ ഒരു സുഹൃത്തു വഴിയാണ് പ്രശസ്ത സംവിധായകൻ എം.കൃഷ്ണൻ നായരെ പരിചയപ്പെട്ടത്. പഠനവും സിനിമയും ഒന്നിച്ചു കൊണ്ടു പോയ മോഹൻ സിനിമയുടെ എല്ലാ മേഖലയിലും പ്രവർത്തിച്ചു. തിക്കുറിശ്ശി സുകുമാരൻ നായർ, എ.ബി.രാജ്, മധു, പി.വേണു, ഹരിഹരൻ എന്നിവരുടെയെല്ലാം സംവിധാന സഹായിയായി പ്രവർത്തിച്ചിട്ടുണ്ട്.

1978 ൽ വാടകവീട് എന്ന സിനിമയിലൂടെയാണ് സ്വതന്ത്ര സംവിധായകനായത്. പിന്നാലെ വന്ന 'രണ്ട് പെൺകുട്ടികൾ', 'ശാലിനി എന്റെ കൂട്ടുകാരി', 'വിടപറയും മുമ്പേ', 'ഇളക്കങ്ങൾ' തുടങ്ങിയ ചിത്രങ്ങൾ സംവിധായകൻ എന്ന നിലയിൽ മോഹനെ അടയാളപ്പെടുത്തി. വിടപറയും മുമ്പേയിലൂടെയാണ് നെടുമുടി വേണു ആദ്യമായി നായകനായത്. ഇടവേള എന്ന ചിത്രത്തിലൂടെയാണ് ഇടവേള ബാബുവിന്റെ അരങ്ങേറ്റം.

ആലോലം, രചന, മംഗളം നേരുന്നു, തീർത്ഥം, ശ്രുതി, ഒരു കഥ ഒരു നുണക്കഥ, ഇസബെല്ല, പക്ഷേ, സാക്ഷ്യം, അങ്ങനെ ഒരു അവധിക്കാലത്ത്, മുഖം തുടങ്ങിയ സിനിമകളെല്ലാം ശ്രദ്ധിക്കപ്പെട്ടു. അങ്ങനെ ഒരു അവധിക്കാലത്ത്, മുഖം, ശ്രുതി, ആലോലം വിടപറയും മുമ്പേ എന്നീ സിനിമകൾക്ക് തിരക്കഥയും എഴുതിയിട്ടുണ്ട്. 2005 ൽ പുറത്തിറങ്ങിയ 'ദ് ക്യാംപസ്' ആണ് അവസാനമിറങ്ങിയ ചിത്രം. പുതിയ സിനിമ ചെയ്യാനുള്ള ഒരുക്കത്തിലായിരുന്നു മോഹൻ.

നാട്ടുകാരനും സുഹൃത്തുമായിരുന്ന ഇന്നസന്റിനെ സിനിമയിലെത്താൻ സഹായിച്ചതും മോഹനാണ്. പിന്നീട് ഇന്നസന്റുമായി ചേർന്ന് ചില ചിത്രങ്ങളും നിർമിച്ചു. രണ്ടു പെൺകുട്ടികൾ എന്ന സിനിമയിലെ നായികയും നർത്തകിയുമായ അനുപമയാണ് ഭാര്യ. പുരന്ദർ, ഉപേന്ദർ എന്നിവർ മക്കളാണ്.

## കേന്ദ്രമന്ത്രി ജോർജ് കുര്യൻ എതിരില്ലാതെ രാജ്യസഭയിലേക്ക്

**ന്യൂഡൽഹി:** കേരളത്തിൽ നിന്നുള്ള ബി.ജെ.പി നേതാവും കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവികസന സഹ മന്ത്രിയുമായ ജോർജ് കുര്യൻ മധ്യപ്രദേശിൽ നിന്ന് രാജ്യസഭയിലേക്ക് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.രാജ്യസഭാംഗമാകാൻ അവസരം നൽകിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക്ജോർജ് കുര്യൻ നന്ദി പറഞ്ഞു.

മധ്യപ്രദേശിനും കേരളത്തിനുമിടയിലെ ചങ്ങലയായി പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഉരുൾപൊട്ടൽ ദുരന്തമുണ്ടായ വയനാടിനുള്ള മദ്ധ്യപ്രദേശിന്റെ 20 കോടി രൂപ സഹായം ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധത്തിന് തെളിവാണ്.

ധനസഹായം നൽകിയ മധ്യപ്രദേശ് മുഖ്യമന്ത്രി മോഹൻ യാദവിന് കേരളത്തിലെ ജനങ്ങൾക്ക് വേണ്ടി അദ്ദേഹം നന്ദി രേഖപ്പെടുത്തി.

മുഖ്യമന്ത്രി മോഹൻ യാദവ്, സംസ്ഥാന ബി.ജെ.പി പ്രസിഡന്റ് വി.ഡി. ശർമ്മ തുടങ്ങിയവർ കുര്യനെ അഭിനന്ദിച്ചു.

# ഏകീകൃത പെൻഷൻ പദ്ധതി റെയിൽവേ ജീവനക്കാർക്ക് വൻ നേട്ടം

**തിരുവനന്തപുരം:** കേന്ദ്ര സർക്കാർ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ച ഏകീകൃത പെൻഷൻ പദ്ധതി റെയിൽവെ അംഗീകരിച്ചു. സതേൺ റെയിൽവെയിൽ 62,706 പേർക്കും തിരുവനന്തപുരം ഡിവിഷനിൽ 7487 പേർക്കും പുതിയ പദ്ധതിയുടെ പ്രയോജനം ലഭിക്കും.



പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങിപ്പോകണമെന്ന് ആവശ്യപ്പെട്ടിരുന്ന ഉദ്യോഗസ്ഥരുടെ സംഘടനകളും പുതിയ തീരുമാനം അംഗീകരിച്ചതായി സതേൺ റെയിൽവെ പ്രിൻസിപ്പൽ ഫൈനാൻസ് അഡ്വൈസർ മാളവിക ഘോഷ് മോഹൻ, പ്രിൻസിപ്പൽ ചീഫ് പേഴ്സണൽ മാനേജർ കെ. ഹരികൃഷ്ണൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.സതേൺ റെയിൽവെയിൽ ആകെയുള്ള 81,311 ജീവനക്കാരിൽ 18,605 പേർ പഴയ പെൻഷൻ പദ്ധതിയിലുള്ളവരാണ്. ദേശീയ പെൻഷൻ പദ്ധതിയിലുള്ള (എൻ.പി.എസ്) 62,706 പേർ പുതിയ പദ്ധതിയിലും അംഗങ്ങളാകും. ബാക്കിയുള്ളവർക്ക് ഏത് പദ്ധതി വേണമെന്ന് തിരഞ്ഞെടുക്കാൻ അവസരമുണ്ട്. തിരുവനന്തപുരം ഡിവിഷനിൽ ആകെയുള്ള 10,000 ജീവനക്കാരിൽ 7487 പേരാണ് എൻ.പി.എസിലുള്ളതെന്നും ഇവരെ യു.പി.എസിൽ ഉൾപ്പെടുത്തുന്നത് വഴി 30 കോടിയുടെ അധിക ബാദ്ധ്യതയുണ്ടാകുമെന്നും അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ എം.ആർ. വിജി പറഞ്ഞു.കുറഞ്ഞത് 25 വർഷം സർവീസുള്ളവർക്ക് അവസാന 12 മാസത്തെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50 ശതമാനവും പത്ത് വർഷം സർവീസുള്ളവർക്ക് കുറഞ്ഞത് 10,000 രൂപയും പെൻഷൻ കിട്ടും. പുതിയ പദ്ധതി വിജ്ഞാപനം ചെയ്തതിന് ശേഷം ഇതിന്റെ പ്രയോജനങ്ങളെ കുറിച്ച് ജീവനക്കാർക്ക് ബോധവത്കരണം നൽകും.

# ഹേമാ കമ്മിറ്റി റിപ്പോർട്ട്: എഎംഎംഎ ഭരണ സമിതി രാജിവെച്ചു

**കൊച്ചി:** ഹേമാ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനു പിന്നാലെ ആടിമുടി ഉലഞ്ഞ് മലയാള സിനിമ മേഖല. മലയാള ചലച്ചിത്ര താരങ്ങളുടെ സംഘടനയായ എഎംഎംഎ സംഘടനാ ഭരണസമിതി ഒന്നടങ്കം രാജിവെച്ചു. പുതിയ ഭരണ സമിതിയെ തിരഞ്ഞെടുക്കും വരെ നിലവിലെ ഭരണ സമിതി താൽക്കാലിക സംവിധാനമായി തുടരുമെന്ന് അമ്മ എക്സിക്യൂട്ടീവ് കമ്മിറ്റി പുറത്തിറക്കിയ വാർത്താ കുറിപ്പിൽ വ്യക്തമാക്കി.ഹേമാ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിനെ തുടർന്ന് സാമൂഹ്യദൃശ്യഅച്ചടി മാധ്യമങ്ങളിൽ എഎംഎംഎയിലെ ചില ഭാരവാഹികൾ നേരിടേണ്ടി വന്ന ലൈംഗികാരോപണങ്ങളുടെ പശ്ചാത്തലത്തിൽ, എഎംഎംഎയുടെ നിലവിലുള്ള ഭരണ സമിതി രാജി വെയ്ക്കുന്നുവെന്ന് വാർത്താ കുറിപ്പിൽ വ്യക്തമാക്കി. രണ്ട് മാസത്തിനുള്ളിൽ പൊതുയോഗം കൂടി, പുതിയ ഭരണ സമിതിയെ തെരെഞ്ഞെടുക്കും. എഎംഎംഎ ഒന്നാം തീയതി നൽകുന്ന കൈനീട്ടവും, ആരോഗ്യ ചികിത്സയ്ക്ക് നൽകിപ്പോരുന്ന സഹായവും എഎംഎംഎയുടെ അംഗങ്ങൾക്ക് തടസ്സം കൂടാതെ ലഭ്യമാക്കാനും, പൊതുയോഗം വരെ ഓഫിസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നിലവിലുള്ള ഭരണ സമിതി തുടരും.എഎംഎംഎ യെ നവീകരിക്കാനും, ശക്തിപ്പെടുത്തുവാനും കെൽപുള്ള പുതിയൊരു നേതൃത്വം എഎംഎയ്ക്കുണ്ടാവുമെന്ന ശുഭപ്രതീക്ഷയിലാണ് തങ്ങൾ. വിമർശിച്ചതിനും തിരുത്തിയതിനും എല്ലാവർക്കും നന്ദിയെന്നും വാർത്താ കുറിപ്പിൽ വ്യക്തമാക്കി.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
- B.Sc. Food Technology
- B.Sc. Microbiology
- B.Sc. Cyber Forensic
- B.Sc. Apparel and Fashion Technology
- B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY




# സൂപ്പർ ലീഗ്: ടീം ഫോഴ്സ കൊച്ചി ഒരുങ്ങി

**കൊച്ചി:** ഇന്ത്യൻ ഫുട്ബോളിനെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയുംനമ്മുടെ ഫുട്ബോൾ സ്വപ്നങ്ങളെ ലോക ഫുട്ബോൾ പ്രൊഫഷണലിസത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയുക എന്ന ലക്ഷ്യത്തോടെ ടീം ഉടമ പൃഥ്വിരാജ്, സുപ്രിയ ദമ്പതികൾ, സഹ ഉടമകളായ നസ്ലി മുഹമ്മദ്, ഷമീം ബക്കർ, പ്രവീഷ് കുഴിപ്പള്ളി, ഷൈജൽ മുഹമ്മദ്, സി ഇ ഒ അംബ്രീഷ് സമ്പത്ത് എന്നിവരുടെ നേതൃത്വത്തിൽ ടീം ഫോഴ്സ കൊച്ചി ഒരുങ്ങി.പോർച്ചുഗലിൽ നിന്നുമുള്ള മരിയോ ലെമോസ് ആണ് ഫോഴ്സ കൊച്ചിയുടെ ഹെഡ് കോച്ച്. കൂടാതെ ആറ് വിദേശ താരങ്ങൾ അടങ്ങുന്ന ടീമിൽ ചെന്നൈയിൽ എഫ്സിക്കൊപ്പം 2015ലും 2018ലും ഐഎസ്എൽ ചാമ്പ്യനായ ബ്രസീൽ മധ്യനിരക്കാരൻ റാഫേൽ അഗസ്റ്റോയും ടുണീഷ്യൻ ദേശീയ താരമായ സയിദ് മുഹമ്മദ് നിഥാൽ, ഡിസിരി ഒമ്രാൻ, ഐവറി താരം മോക്കി ജീൻ ബാപ്പിസ്റ്റെ, സൗത്ത് ആഫ്രിക്കൻ താരം സിയാൻഡ നിഗുമ്പൊ, കൊളംബിയൻ താരം റോഡ്രിഗസ് അയാസോ ലൂയിസ് ഏഞ്ചൽ എന്നിവരും ഉൾപ്പെടുന്നു.ഇന്ത്യൻ മുൻ ഗോൾകീപ്പറും ഐഎസ്എൽ താരവുമായ സുഭാശിഷ് റോയ് ചൗധരിയാണ് ഫോഴ്സ കൊച്ചി യുടെ ക്യാപ്റ്റനും ഗോൾ കീപ്പറും. സന്തോഷ് ട്രോഫി കേരള ടീം താരങ്ങളായ ക്യാപ്റ്റൻ നിജോ ഗിൽബർട്ട്, അർജുൻ ജയരാജ്, ഹജ്മൽ സക്കീർ, ഐ ലീഗ്, കേരള പ്രീമിയർ താരങ്ങൾ, തുടങ്ങിയ നിരവധി പ്രതിഭാധരരായിട്ടുള്ള താരങ്ങൾ ഫോഴ്സ കൊച്ചിക്കായി ബൂട്ട് കെട്ടുന്നു. മുൻ ഇന്ത്യൻ താരം ജോ പോൾ അഞ്ചേരിയാണ് ഫോഴ്സ കൊച്ചിയുടെ സഹ പരിശീലകൻ.സൂപ്പർ ലീഗിൽ പ്ലേയർ ഡെവലപ്മെന്റിന്റെ ഭാഗമായി നിശ്ചിത കളിക്കാരെ അവരുടെ പ്രാരംഭിക മികവ് തിരിച്ചറിഞ്ഞ് പ്രൊഫഷണൽ വികസനത്തിലേക്കുള്ള ലക്ഷ്യത്തിലേക്ക് താരങ്ങളെ രൂപപ്പെടുത്തുന്നത്തിന്റെ ഭാഗമായി ടീമിലുൾപ്പെടുത്തി അവർക്കും പരിശീലനം നൽകി വരുന്നു.സെപ്തംബർ 7 നാണ് ഫോഴ്സയുടെ ആദ്യ മത്സരം.കലൂർ നെഹ്റു സ്റ്റേഡിയത്തിൽ നടക്കുന്ന ഉദ്ഘാടന മത്സരത്തിൽ ഫോഴ്സയുടെ എതിരാളികൾ മലപ്പുറം എഫ്.സിയാണ്. ഹോം ആന്റ് എവെ അടിസ്ഥാനത്തിലാണ് മത്സരങ്ങൾ നടക്കുന്നത്. അഞ്ച് മത്സരങ്ങൾ കൊച്ചി സ്റ്റേഡിയത്തിലും, രണ്ടു വീതം മത്സരങ്ങൾ കോഴിക്കോടും മലപ്പുറത്തും ഒരു മത്സരം തിരുവനന്തപുരത്തും നടക്കും. ഫോഴ്സ കൊച്ചി ഉടമ പ്രിഥ്വിരാജ്, സഹഉടമ ഷമീം ബക്കർ, ഹെഡ് കോച്ച് മാരിയോ ലെമോസ്, അസി. കോച്ച് ജോപോൾ അഞ്ചേരി തുടങ്ങിയവർ സംസാരിച്ചു. സഹ ഉടമകളായ നസ്ലി മുഹമ്മദ്, പ്രവീഷ് കുഴിപ്പള്ളി, ഷൈജൽ മുഹമ്മദ്, സി.ഇ.ഒ അംബരീഷ് എന്നിവർ സന്നിഹിതരായിരുന്നു. ലുലു മാളിൽ നടന്ന ചടങ്ങിൽ ടീം ജഴ്സി മുൻ ഇന്ത്യൻ ഹോക്കി താരം പി.ആർ ശ്രീജേഷ് പുറത്തിറക്കി.

# ഒക്കൽ ഫാം ഫെസ്റ്റ് നാളെ മുതൽ

## സെമിനാറുകൾ, ഡോക്യുമെന്ററി പ്രദ4ശനം, കലാപരിപാടികൾ, മഡ് ഫുട്ബാൾ, വടംവലി തുടങ്ങിയ പരിപാടികൾ ഫെസ്റ്റിന്റെ ഭാഗമാകും

**കൊച്ചി:** എറണാകുളം ജില്ലാ പഞ്ചായത്ത് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഒക്കൽ ഫാം ഫെസ്റ്റ് ഓഗസ്റ്റ് 29 മുതൽ 31 വരെ നടക്കും. ഈ തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് ഏഴു വരെ കാർഷിക പ്രദർശനവും വിപണനവുമുണ്ടായിരിക്കും. സെമിനാറുകൾ, ഡോക്യുമെന്ററി പ്രദ4ശനം, കലാപരിപാടികൾ, മഡ് ഫുട്ബാൾ, വടംവലി തുടങ്ങിയ പരിപാടികൾ ഫെസ്റ്റിന്റെ ഭാഗമായി നടക്കും. മുപ്പതിലധികം സ്ഥാപനങ്ങളുടെ വിവിധ സ്റ്റാളുകൾ ഫെസ്റ്റിലുണ്ടാകും. പച്ചക്കറി, ഫലവൃക്ഷതൈകളുടെ വിപലുമായി ശേഖരമാണ് ഒരുക്കുന്നത്. ആധുനിക കൃഷി രീതിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികളും വീഡിയോ പ്രദ4ശനവും ഫെസ്റ്റിലുണ്ടാകും.

28 ന് രാവിലെ 9 മുതൽ മഡ് ഫുട്ബാൾ മത്സരം നടക്കും. 29 ന് രാവിലെ 10 ന് കാ4ഷിക സെമിനാ4 നടക്കും. വൈകിട്ട് 5 നാണ് ഉദ്ഘാടന സമ്മേളനം. മന്ത്രി പി. പ്രസാദ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. ബെന്നി ബെഹനാ9 എംപി മുഖ്യാതിഥിയാകും. എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിക്കും. തുടർന്ന് കലാസന്ധ്യ. 30 ന് രാവിലെ 9 മുതൽ വനിതകളുടെ വടംവലി മത്സരം. വൈകിട്ട് നാലിന് കലാസന്ധ്യ. 31 ന് രാവിലെ 10 മുതൽ സെമിനാറുകൾ. ഉച്ചയ്ക്ക് രണ്ടിന് മഡ് ഫുട്ബാൾ ഫൈനൽ മത്സരം. മൂന്നിന് സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും. എൽദോസ് കുന്നപ്പിള്ളിൽ എം.എൽ.എ. അധ്യക്ഷത വഹിക്കും. ബെന്നി ബഹനാൻ എംപി മുഖ്യാതിഥിയാകും.

# ഓപ്പോ എഫ് 27 5ജി അവതരിപ്പിച്ചു



**കൊച്ചി:** പാർട്ടി അനുഭവം ഉയർത്താൻ രൂപകൽപ്പന ചെയ്ത സ്മാർട്ട് ഫോണായ ഓപ്പോ എഫ് 27 5ജി അവതരിപ്പിക്കുന്നതായി ഓപ്പോ ഇന്ത്യ പ്രഖ്യാപിച്ചു. എഐ ക്യാമറയുണ്ട്, സുഹൃത്തുക്കളുമായി പങ്കിടാനും സോഷ്യൽ മീഡിയയിൽ പോസ്റ്റുചെയ്യാനും രസകരവും ക്രിയാത്മകവുമായ പാർട്ടി ഫോട്ടോകൾ എടുക്കാൻ ഓപ്പോ എഫ് 27 5ജി ഉപയോക്താക്കൾക്ക് അവസരം ഉണ്ട്.

ആംബർ ഓറഞ്ച്, എമറാൾഡ് ഗ്രീൻ എന്നിങ്ങനെ രണ്ടു നിറങ്ങളിൽ ലഭ്യമായിരിക്കും. ഇവ 128ജിബി സ്റ്റോറേജിൽ 22,999 ഇന്ത്യൻ രൂപയ്ക്കും 256ജിബി സ്റ്റോറേജിൽ 24,999 രൂപയ്ക്കും വിപണിയിൽ ലഭിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു




# സോണി ഇന്ത്യ വ്ളോഗിംഗ് ക്യാമറ അവതരിപ്പിച്ചു

**കൊച്ചി:** സോണി ഇസഡ് വിഇ10 ക്യാമറയുടെ രണ്ടാം തലമുറ മോഡലായ ഇസഡ് വിഇ10 കക അവതരിപ്പിച്ചു. വ്ളോഗർമാർക്കും കണ്ടന്റ് ക്രിയേറ്റർമാർക്കും അനുയോജ്യമായ നിരവധി സവിശേഷതകളും അപ്ഡേറ്റുകളും ഉൾപ്പെടുത്തിയാണ് സോണിയുടെ ഇസഡ് വി സീരീസിലെ ഏറ്റവും പുതിയ എപിഎസ്സി ക്യാമറ പുറത്തിറക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.ക്രിയേറ്റീവ് ലുക്ക്, പ്രൊഡക്റ്റ് ഷോക്കേസ് സെറ്റിംഗ്, ബാക്ക്ഗ്രൗണ്ട് ഡീഫോക്കസ് ഫംഗ്ഷൻ, വേരിആംഗിൾ ഫ്ളിപ്പ് സ്ക്രീൻ തുടങ്ങി നിരവധി ഫീച്ചറുകളാണ് ഇതിലുള്ളത്.അപ്ഗ്രേഡഡ് 26 മെഗാപിക്സൽ എക്സ്മോർ ആർ സിമോസ് സെൻസർ, സോണിയുടെ ഏറ്റവും പുതിയ ബിയോൺസ് എക്സ്ആർ ഇമേജ് പ്രോസസിങ് എഞ്ചിൻ, മികച്ച ഓട്ടോഫോക്കസ്, വീഡിയോ ക്യാപ്ചറിംഗ് എന്നിവ ഇസഡ് വിഇ10 കക ക്യാമറയുടെ പ്രത്യേകതകളാണ്. 377 ഗ്രാം മാത്രമാണ് ഈ ക്യാമറയുടെ ഭാരം.ഫേസ് പ്രയോരിറ്റി ഓട്ടോ എക്സ്പോഷർ, സോഫ്റ്റ് സ്കിൻ ഇഫക്റ്റ്, ഓൺബോർഡ് 3 ക്യാപ്സ്യൂൾ മൈക്രോഫോൺ എന്നിവയാണ് മറ്റു പ്രധാന സവിശേഷതകൾ. ഇസഡ് വിഇ10 കക ക്യാമറയും ഇപിഇസഡ് 1650 എംഎം ലെൻസ് കിറ്റും സോണി സെന്ററുകൾ, ആൽഫാ ഫ്ലാഗ്ഷിപ്പ് സ്റ്റോറുകൾ, ംംം.വെീു മരേ.രീ, ഇലക്ട്രോണിക് സ്റ്റോറുകൾ, ഇകൊമേഴ്സ് വെബ്സൈറ്റുകൾ എന്നിവിടങ്ങളിൽ ലഭിക്കും. ഇസഡ് വിഇ10എം2 മോഡൽ ബോഡിക്ക് 94,990 രൂപയാണ് വില. ഇസഡ് വിഇ10എം2കെ ബോഡിയുടേയും 1650 എംഎം പവർ സൂം ലെൻസായ എസ്ഇഎൽപി 16502 ന്റെ വിലയും ലഭ്യത തീയതിയും ഉടൻ പ്രഖ്യാപിക്കും.പ്രത്യേക ഓഫറിന്റെ ഭാഗമായി 3 വർഷത്തെ വാറന്റി, കോംപ്ലിമെൻററി എസ്ഡി കാർഡ്, ക്യാരി ബാഗ്, ആകർഷകമായ ഫിനാൻസ് സ്കീമുകൾ ഉൾപ്പടെയുള്ള അധിക ആനുകൂല്യങ്ങളും സോണി പുതിയ ക്യാമറക്കൊപ്പം വാഗ്ദാനം ചെയ്യുന്നുണ്ട്.

സൊസൈറ്റി ടുഡേ
SOCIETY TODAY




# പുതിയ ഗവേഷണവികസന കേന്ദ്രം തുറന്ന് ആക്സിയ ടെക്നോളജീസ്

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് പുതിയ ആഗോള ആസ്ഥാനവും ഗവേഷണവികസന കേന്ദ്രവും തുറന്ന് വാഹനസോഫ്ട്‌വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസ്. ഡിജിറ്റൽ കോക്ക്പിറ്റുകൾ, ഡിസ്പ്ളേകൾ, ഇലക്ട്രിക് ഗതാഗത സംവിധാനങ്ങൾ, ടെലിമാറ്റിക്സ് എന്നിവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സവിശേഷ സോഫ്ട് വെയറുകൾ നിർമിക്കുന്ന കമ്പനിയുടെ പുതിയ ആസ്ഥാനകേന്ദ്രം ടെക്നോപാർക് ഫെയ്സ് 3യിലെ എംബസി ടോറസ് ടെക്സോണിലാണ് സ്ഥിതിചെയ്യുന്നത്. മന്ത്രി പി. രാജീവ് പുതിയ ഓഫിസ് ഉദ്ഘാടനം ചെയ്തു. മുൻ മന്ത്രിയും നിലവിലെ എംഎൽഎയുമായ കടകംപള്ളി സുരേന്ദ്രൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

കഴിഞ്ഞ പതിറ്റാണ്ടിനിടയിൽ വ്യവസായരംഗത്തുൾപ്പെടെ വിവിധ മേഖലകളിൽ വലിയ വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. അടുത്തഘട്ടത്തിൽ, തിരുവനന്തപുരത്തെ ആഗോളവാഹനവിപണിയുടെ സാങ്കേതിക ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി പി രാജീവ് പറഞ്ഞു. അതിനുവേണ്ട ഡിജിറ്റൽ സാക്ഷരത കേരളം കൈവരിച്ചുകഴിഞ്ഞതായും ആക്സിയ ടെക്നോളജീസിന്റെ ശക്തമായ സാന്നിധ്യത്തെക്കുറിച്ച് എടുത്തുപറഞ്ഞുകൊണ്ട് അദ്ദേഹം വ്യക്തമാക്കി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് , ബിഎംഡബ്ള്യു ഗ്രൂപ്പിന്റെ മുൻ ഗവേഷണവികസന വിഭാഗം വിപിയും നിലവിൽ ആക്സിയ ടെക്നോളജീസിന്റെ നയതന്ത്ര ഉപദേഷ്ടാവുമായ സ്റ്റെഫാൻ ജുറാഷെക്, ബിഎംഡബ്ള്യു ഗ്രൂപ്പിൽ നിന്നുള്ള ക്രിസ്റ്റീന ഹെയ്ൻ, ഹെർമാൻ ഫെറെയ്റ, ടെക്നോപാർക് സിഇഒ കേണൽ സഞ്ജീവ് നായർ, കേരള സ്റ്റാർട്ടപ്പ് മിഷൻ സിഇഒ അനൂപ് പി അംബിക, ടോറസ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിങ്സ് എംഡിയും സിഇഒയുമായ അജയ് പ്രസാദ് എന്നിവർ പങ്കെടുത്തു.

# സാങ്കേതിക അറ്റകുറ്റപ്പണി: പാസ്പോർട്ട് സേവാ പോർട്ടൽ ഏതാനും ദിവസത്തേക്ക് ലഭ്യമാകില്ല

**കൊച്ചി :**പാസ്പോർട്ട് സേവാ സിസ്റ്റത്തിന്റെ നവീകരണത്തിന്റെ ഭാഗമായി പ്രധാന സാങ്കേതിക അറ്റകുറ്റപ്പണി നടക്കുന്നതിനാൽ, പാസ്പോർട്ട് സേവാ പോർട്ടൽ പൗരന്മാർക്ക് ഓഗസ്റ്റ് 29, വ്യാഴം 20:00 കടം മുതൽ 2024 സെപ്റ്റംബർ 2 തിങ്കൾ 06:00 IST വരെ വരെ ലഭ്യമാകില്ല എന്ന് റീജിയണൽ പാസ്പോർട്ട് ഓഫീസ് അറിയിച്ചു .ഇത് കണക്കിലെടുത്ത്, പാസ്പോർട്ട് സേവാ കേന്ദ്ര (പിഎസ്കെ), പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്ര (പിഒപിഎസ്കെ) എന്നിവിടങ്ങളിൽ 3008 24 ന് അപ്പോയിന്റ്മെന്റ് ലഭിച്ച അപേക്ഷകർക്ക് അടുത്ത കുറച്ച് ദിവസങ്ങളിലായി അപ്പോയിന്റ്മെന്റ് ലഭിക്കും. പുനഃക്രമീകരിച്ച തീയതി ബന്ധപ്പെട്ട അപേക്ഷകരെ എസ് എം എസ് /ഇമെയിൽ വഴി അറിയിക്കും.കൂടാതെ, 30082024ന് (വെള്ളിയാഴ്ച) കൊച്ചി പനമ്പിള്ളി നഗറിലെ റീജിയണൽ പാസ്പോർട്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് അന്വേഷണത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതല്ലെന്നും റീജിയണൽ പാസ്പോർട്ട് ഓഫീസ് അറിയിച്ചു.




# പ്രതിഭകൾക്ക് ആദരമൊരുക്കി സിയറ്റ് ക്രിക്കറ്റ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ടയർ നിർമാതാക്കളായ സിയറ്റ്, സിയറ്റ് ക്രിക്കറ്റ് റേറ്റിങ് (സിസിആർ) അവാർഡ്സിന്റെ 26ാം പതിപ്പ് മുംബൈയിൽ സംഘടിപ്പിച്ചു. അന്താരാഷ്ട്ര, ആഭ്യന്തര ക്രിക്കറ്റിലെ പ്രതിഭകളെ ആദരിക്കുന്ന സിയറ്റ് ക്രിക്കറ്റ് റേറ്റിങ് അവാർഡ്സിന്റെ 26ാം പതിപ്പ് ക്രിക്കറ്റ് ലോകത്തെ ഒരുമിപ്പിക്കുന്ന ആഗോള പ്ലാറ്റ്ഫോമായി മാറുകയും ചെയ്തു. ക്രിക്കറ്റ് ലോകത്തിന് നൽകിയ മഹത്തായ സംഭാവനകൾക്ക് രാഹുൽ ദ്രാവിഡിന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. രോഹിത് ശർമക്കാണ് സിയറ്റ് മെൻസ് ഇന്റർനാഷണൽ ക്രിക്കറ്റർ ഓഫ് ദ ഇയർ പുരസ്കാരം. ഈ വർഷത്തെ മികച്ച ഏകദിന ബാറ്റ്സ്മാനായി വിരാട് കോഹ്‌ലിയെയും തിരഞ്ഞെടുത്തു.

# ബഹുഭാഷാ സേവനമൊരുക്കി എയർ ഇന്ത്യ

**കൊച്ചി:** യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്നതിനായി മലയാളം, കന്നട, തമിഴ്, മറാത്തി, തെലുങ്ക്, ബെംഗാളി, പഞ്ചാബി ഭാഷകളിൽ പ്രവർത്തിക്കുന്ന ഐവിആർ സേവനമൊരുക്കി എയർ ഇന്ത്യ. ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾക്ക് പുറമെയാണ് 7 പ്രാദേശിക ഭാഷകളിലേക്ക് കൂടി വിമാന കമ്പനിയുടെ സേവനം വ്യാപിപ്പിക്കുന്നത്. പ്രാദേശിക ഭാഷകളിലുള്ള സേവനം എല്ലാ ദിവസവും രാവിലെ 8 മുതൽ രാത്രി 11 വരെ ലഭ്യമാണെന്ന് എയർ ഇന്ത്യ ചീഫ് കസ്റ്റമർ എക്സ്പീരിയൻസ് ഓഫീസർ രാഗേഷ് ഡോഗ്ര പറഞ്ഞു.വ്യത്യസ്ഥ ഭാഷകളുള്ള ഇന്ത്യയിൽ ഒൻപത് ഭാഷകൾ സംയോജിപ്പിച്ചുള്ള സേവനം നൽകുന്നതിലൂടെ യാത്രക്കാരോട് അവരുടെ മാതൃഭാഷയിൽ ആശയ വിനിമയം നടത്താനും മെച്ചപ്പെട്ട സേവനം നൽകാനുമാണ് എയർ ഇന്ത്യ ലക്ഷ്യമിടുന്നത്. 'ഇന്ത്യൻ ഹൃദയമുള്ള ആഗോള എയർലൈൻ' എന്ന വിമാന കമ്പനിയുടെ കാഴ്പ്പാടിനെ പ്രതിഫലിപ്പിക്കുന്നതാണ് എയർ ഇന്ത്യയുടെ ഈ ബഹുഭാഷാ പിന്തുണ. ഐവിആറിലേക്ക് വിളിക്കുന്നയാളുടെ മൊബൈൽ നെറ്റ്‌വർക്കിനെ അടിസ്ഥാനമാക്കി സ്വയമേ ഭാഷ തിരിച്ചറിയാവുന്ന തരത്തിലാണ് ഈ സംവിധാനം ഒരുക്കിയിട്ടുള്ളത്.




തങ്ങളുടെ യാത്രയിലെ ഒരു സുപ്രധാന നാഴികകല്ലാണ് ഇന്ത്യൻ ഭാഷകളിലെ ഈ ബഹുഭാഷാ പിന്തുണയെന്നും രാഗേഷ് ഡോഗ്ര പറഞ്ഞു. യാത്രക്കാർക്ക് ഈയൊരു സേവനം നൽകുന്നതിലൂടെ ഞങ്ങളുടെ പരിധി വർധിപ്പിക്കുന്നതിനപ്പുറം അവരുമായുള്ള ബന്ധം ശാക്തീകരിക്കാനും എയർ ഇന്ത്യയുമായുള്ള ജനങ്ങളുടെ ബന്ധം പരിചിതപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

പ്രീമിയം, പതിവ് യാത്രക്കാർക്ക് മുഴുവൻ സമയ സഹായം ഉറപ്പാക്കുന്നതിനായി അടുത്തിടെ എയർ ഇന്ത്യ അഞ്ച് പുതിയ കോണ്ടാക്ട് സെൻററുകളും തുറന്നിട്ടുണ്ട്. കൂടാതെ ഇമെയിലുകൾ, സോഷ്യൽ മീഡിയ, ഇൻ ഹൗസ് ചാറ്റ് തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനായി സമഗ്രമായൊരു ബാക്ക് ഓഫീസ് സംവിധാനവും എയർ ഇന്ത്യ ഒരുക്കിയിട്ടുണ്ട്.



# ആദ്യ ഹരിത ടൂറിസ്റ്റ് കേന്ദ്രമാകാൻ ഒരുങ്ങി പാണിയേലി പോര്



**കൊച്ചി;** ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ആദ്യ മാതൃകാ ഹരിത ടൂറിസം കേന്ദ്രമാകുകയാണ് പാണിയേലിപോര്. കേരളത്തിന്റെ തനത് സംഭാവനയായ ഹരിത പെരുമാറ്റച്ചട്ടം വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കികൊണ്ട് നടത്തി വരുന്ന പദ്ധതിയാണ് ഹരിത ടൂറിസം.കൂടുതൽ ജനങ്ങൾ എത്തിച്ചേരുന്നതും സഞ്ചരിക്കുന്നതുമായ സ്ഥലങ്ങളും പരിസരവും ഹരിത പെരുമാറ്റ ചട്ടത്തിന്റെ പരിധിയിൽ കൊണ്ട് വരേണ്ടത് അനിവാര്യമാണ്. ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ സംസ്കരണം, ഒറ്റ തവണ ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളുടെ കർശനമായ നിരോധനം നടപ്പാക്കൽ,ബദൽ സംവിധാനം ഏർപ്പെടുത്താൽ,ടോയ്ലറ്റ് സംവിധാനവും ദ്രവ മാലിന്യ സംസ്കാരണവും കുറ്റമറ്റതാക്കൽ,എം സി എഫ്, മിനി എം സി എഫുകൾ, ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കൽ,സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ സംവിധാങ്ങൾ ഉറപ്പുവരുത്തി കൊണ്ടാണ് ഹരിത ടൂറിസ്റ്റ് കേന്ദ്രമാകുന്നത്.

പ്രവർത്തനങ്ങളുടെ ഭാഗമായി മെഗാ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു.വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷൻ,വനം വകുപ്പ്, വന സംരക്ഷണ സമിതി, രാജഗിരി വിശ്വജ്യോതി കോളേജ് എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിച്ച ഡ്രൈവ് വേങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശില്പ സുധീഷ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ എറണാകുളം ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി 'ഹരിത ടൂറിസം സാധ്യതകൾ' വിഷയാവതരണം നടത്തി. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഫ്സൽ രാജ്, വൈസ് പ്രസിഡന്റ് പി സി കൃഷ്ണൺകുട്ടി, ബ്ലോക്ക് മെമ്പർ പി ആർ നാരായണൻ നായർ,ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബിജു പീറ്റർ, ഗ്രാമ പഞ്ചായത്തംഗങ്ങളായ ബേസിൽ കല്ലറക്കൽ, ജിനു ബിജു, ബീറ്റ് ഫോറസ്റ്റ് ഓഫീസർ ജിതേഷ് ആർ വാരിയർ, സി ഡി എസ് ചെയർപേഴ്സൺ പ്രമീള സന്തോഷ്, വന സംരക്ഷണ സമിതി പ്രസിഡന്റ് കെ.വി. സാജു, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരായ അഭിലാഷ് അനിരുദ്ധൻ, എ എ സുരേഷ് എന്നിവർ സംസാരിച്ചു. യോഗത്തിൽ വനം വകുപ്പ് ജീവനക്കാർ, ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ, ഹരിതകർമ്മസേന അംഗങ്ങൾ,രാജഗിരി വിശ്വ ജ്യോതി കോളേജിലെ എൻ എസ് എസ് വോളണ്ടിയേഴ്സ്,തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ എന്നിവർ മെഗാ ഡ്രൈവിൽ പങ്കെടുത്തു.



# സാമ്പത്തിക സ്ഥിതിവിവരക്കണക്ക്: ഉദ്യോഗസ്ഥർക്ക് ആദരവുമായി ജില്ലാ ഭരണകൂടം

**കാക്കനാട്:** വ്യവസായ മേഖലുമായി ബന്ധപ്പെട്ട വാർഷിക വ്യവസായ സർവ്വെ നിശ്ചിത സമയത്തിനു മുമ്പ് പൂർത്തീകരിച്ച സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഉദ്യോഗസ്ഥരെ ആദരിച്ചു. കളക്ടറുടെ ചേമ്പറിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് സർവ്വെയിൽ പങ്കെടുത്ത സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് എറണാകുളം ജില്ലാ കാര്യാലയത്തിലെ ഉദ്യോഗസ്ഥർക്ക് സർട്ടിഫിക്കറ്റും മെഡലും വിതരണം ചെയ്തു. സാധാരണയായി ഒരു വർഷം സമയമെടുത്ത് ചെയ്യുന്ന ഈ സർവ്വെ കേവലം 4 മാസം കൊണ്ട് ജില്ലയിൽ പൂർത്തീകരിച്ചതിനാണ് ഈ ആദരവ്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ശ്രീകുമാർ ബി. യുടെ നിർദ്ദേശാനുസരണം എറണാകുളം ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഷോജൻ എ.പി.യുടെ നേതൃത്വത്തിലാണ് വാർഷിക വ്യവസായ സർവ്വെ പൂർത്തിയാക്കിയത്. കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ മാർഗ നിർദ്ദേശാനുസരണം നടന്ന സർവ്വെയുടെ ഭാഗമായി എറണാകുളം ജില്ലയിലെ 135 സ്ഥാപങ്ങളിൽ നിന്നുള്ള വിവരങ്ങളാണ് ശേഖരിച്ചത്. വ്യവസായ മേഖലയുടെ പുരോഗതിക്ക് വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും നയരൂപീകരണത്തിനുമാണ് ഈ സർവ്വെയിലൂടെ ശേഖരിച്ച വിവരങ്ങൾ ഉപയോഗിക്കുന്നത്. കൂടാതെ രാജ്യത്തിന്റെ ഏളള നിർണ്ണയത്തിൽ വ്യവസായ മേഖലയുടെ പങ്ക് കണക്കാക്കുന്നതിനും ഈ സർവ്വേ വിവരങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്.റിസർച്ച് ഓഫീസർ ഇന്ദു കെ.എ. സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ ശ്രീകാന്ത് എസ് നായർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരായ ഹെലനി കെ, പ്രദീപ് ജെ കമ്മത്ത് ., പ്രദീപ് ബി.ജെ., മോഹൻദാസ് കെ കെ., അബൂബക്കർ സിദ്ദിഖ് പിഎം., ഗോപാലകൃഷ്ണൻ ഇ.ജി., സതീഷ് കുമാർ എന്നിവരാണ് സർവ്വെയിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ.സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് അഡീഷണൽ ജില്ലാ ഓഫീസർമാരായ ജമാൽ കെ.എം., സാബു പി.ജി., സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ മഞ്ജു പി ജോസ്, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്മാരായ മനില കെ.കെ., സൂര്യ നാരായൺ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# കെ.യു.ഡബ്ല്യു.ജെ സംസ്ഥാന സമ്മേളനം: സ്വാഗതസംഘം രൂപീകരണം ഇന്ന്

**കൊച്ചി:** കേരള പത്രപ്രവർത്തക യൂണിയൻ (കെയുഡബ്ല്യുജെ ) അറുപതാം സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘം രൂപീകരണ യോഗം ഇന്ന് നടക്കും. ഉച്ചയ്ക്ക് 2 മണിക്ക് എറണാകുളം ഗസ്റ്റ് ഹൗസ് ഹാളിൽ നടക്കുന്ന യോഗത്തിൽ വ്യവസായ മന്ത്രി പി.രാജീവ്, മേയർ എം.അനിൽകുമാർ, ഹൈബി ഈഡൻ എം.പി, എംഎൽഎമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, പൊതുപ്രവർത്തകർ, കെയുഡബ്ല്യുജെ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് കെ യു ഡബ്ല്യുജെ ജില്ലാ പ്രസിഡന്റ് ആർ.ഗോപകുമാർ, സെക്രട്ടറി എം. ഷജിൽ കുമാർ എന്നിവർ അറിയിച്ചു.



# സീറോമലബാർസഭ: സ്ഥിരം സിനഡിനെ തെരഞ്ഞെടുത്തു

**കൊച്ചി:** സീറോമലബാർസഭയുടെ പുതിയ സ്ഥിരം സിനഡ് അംഗങ്ങളെ തെരഞ്ഞെടുത്തു. സഭാ ആസ്ഥാനത്തു നടന്നുവരുന്ന മുപ്പത്തിരണ്ടാമത് മെത്രാൻ സിനഡിന്റെ മൂന്നാം സമ്മേളനത്തിലാണ് തെരഞ്ഞെടുപ്പ് നടന്നത്. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, കോട്ടയം അതിരൂപതാധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് എന്നിവരാണ് പെർമനെന്റ് സിനഡ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. സ്ഥിരം സിനഡ് അംഗങ്ങളുടെ അഭാവത്തിൽ പകരക്കാരായി ചങ്ങനാശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ, കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ മാർ പോളി കണ്ണൂക്കാടൻ, താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സാധാരണ ഭരണകാര്യങ്ങളിലും അടിയന്തിര സാഹചര്യങ്ങളിലും മേജർ ആർച്ചുബിഷപ്പിനെ സഹായിക്കുന്ന സമിതിയാണ് സ്ഥിരം സിനഡ്. മേജർ ആർച്ചുബിഷപ്പ് അധ്യക്ഷനായ സ്ഥിരം സിനഡിൽ അദ്ദേഹം ഉൾപ്പെടെ അഞ്ച് മെത്രാന്മാരാണ് ഉണ്ടാകുക. അഞ്ച് വർഷത്തേക്കാണ് ഈ സമിതിയുടെ കാലാവധിയെന്ന് സഭാവക്താവ് റവ.ഡോ. ആന്റണി വടക്കേകര വി.സി. വാർത്താക്കുറിപ്പിൽ അറിയിച്ചു.

# 20.8 ശതമാനം വാർഷിക നിക്ഷേപ വളർച്ച നേടി യെസ് ബാങ്ക്

YES BANK

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ആറാമത്തെ സ്വകാര്യ ബാങ്കായ യെസ് ബാങ്ക് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ നിക്ഷേപങ്ങളുടെ കാര്യത്തിൽ 20.8 ശതമാനം വാർഷിക വളർച്ച കൈവരിച്ചു. ഇതോടെ നിക്ഷേപങ്ങൾ 2,65,072 കോടി രൂപയിലെത്തി. ബാങ്കിൻറെ ശക്തമായ സാമ്പത്തിക അടിത്തറയിൽ നിക്ഷേപകർക്കുള്ള വിശ്വാസവും ഉപഭോക്തൃ കേന്ദ്രീകൃതമായ ബാങ്കിൻറെ നീക്കങ്ങളുടെ വിജയവുമാണ് ഇതിലൂടെ പ്രകടമാകുന്നത്. വായ്പകൾക്കുള്ള ആവശ്യം വർധിച്ചു വരുന്നതിന് അനുസൃതമായി നിക്ഷേപവും വളർത്തുക എന്ന വെല്ലുവിളി ബാങ്കുകൾ നേരിടുന്ന പശ്ചാത്തലത്തിൽ കൂടിയാണ് ഈ മേഖലയിലെ ശരാശരിയേയും മറികടക്കുന്ന രീതിയിലെ യെസ് ബാങ്കിൻറെ നേട്ടം. ബാങ്കിൻറെ കറൻറ് സേവിങ്സ് അക്കൗണ്ട് അനുപാതം മുൻ വർഷം ആദ്യ ത്രൈമാസത്തിലെ 29.4 ശതമാനത്തെ അപേക്ഷിച്ച് നടപ്പു സാമ്പത്തിക വർഷത്തിൻറെ ആദ്യ ത്രൈമാസത്തിൽ 30.8 ശതമാനമായി ഉയർന്നിട്ടുണ്ട്. 202324 സാമ്പത്തിക വർഷത്തിൽ 17 ലക്ഷത്തോളം പുതിയ കറൻറ് സേവിങ്സ് അക്കൗണ്ടുകളാണ് ബാങ്ക് പുതുതായി ആരംഭിച്ചത്. കറൻറ് സേവിങ്സ് അക്കൗണ്ടുകൾ കൂടുതലുള്ള ക്ലസ്റ്ററുകളിൽ 133 പുതിയ ബ്രാഞ്ചുകളാണ് യെസ് ബാങ്ക് 202324 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഫിസാറ്റിൽ ഇമ്പൾസ് 5.0



**കൊച്ചി:** ഇൻസ്റ്റിട്യൂട്ട് ഓഫ് ഇലെക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയേഴ്സ് (കള്ളള്ള) നേതൃത്വം നൽകുന്ന രണ്ടു ദിവസത്തെ സാങ്കേതിക മാനേജ്മന്റ് കോൺക്ലേവിന് അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ തുടക്കമായി. സമ്മേളനം അമരരാജാ ഉലശെഴി അഹുവമ മാനേജിങ് ഡയറക്ടറും സ്ഥാപകനുമായ കെ ആർ സുരേഷ് നായർ ഉത്ഘാടനം ചെയ്തു പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു സാങ്കേതിക രംഗത്തെ വിദക്തരായ കുട്ടികൾക്കു മാനേജ്മെൻറ് തലത്തിൽ കൂടി പ്രാവണ്യം ഉറപ്പാക്കുന്നതിൻറെ ഭാഗമായി രണ്ടു ദിവസത്തെ ടെക് മാനേജീരിയൽ പ്രദർശനത്തിനാണ് ഇൻസ്റ്റിട്യൂട്ട് ഓഫ് ഇലെക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് എഞ്ചിനീയേഴ്സ് കേരള ചാപ്റ്ററും ഫിസാറ്റ് ഐ ഇ ഇ ഇ സ്റ്റുഡൻറ് ചാപ്റ്ററും സംയുക്തമായി നേതൃത്വം നൽകുന്നത്. ടെക്നിക്കൽ സെഷനുകൾക്ക് പുറമെ മാനേജ്മെൻറ് വൈധക്ത്യം ഊട്ടിയുറപ്പിക്കുന്ന നിരവധി പ്രോഗ്രാമുകൾ ഉൾക്കൊള്ളിച്ചാണ് ഇമ്പൾസ് 5.0 നു ഫിസാറ്റിൽ തുടക്കമായത്. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നായി ഇരുന്നൂറിലേറെ വിദ്യാർത്ഥികൾ പരിപാടിയുടെ ഭാഗമായി. ചടങ്ങിൽ ഐ ഇ ഇ ഇ ടജട കേരള ചാപ്റ്റർ സെക്രട്ടറി എസ് ശരത്ത്, വൈസ് പ്രിൻസിപ്പൽ ഡോ പി ആർ മിനി, ഐ ഇ ഇ ഇ ബ്രാഞ്ച് കൗൺസിലർ പ്രൊഫ ബേസിൽ കെ ജീമോൻ, സ്റ്റുഡൻറ് ചാപ്റ്റർ ചെയർ ഭാവന ആർ നായർ, തുടങ്ങിവർ പങ്കെടുത്തു.

# അമീബിക് മസ്തിഷ്ക ജ്വരം, ഗവേഷണം കേരളം ഏറ്റെടുക്കും: മന്ത്രി വീണാ ജോർജ്




**തിരുവനന്തപുരം:** സംസ്ഥാനത്ത് പല ജില്ലകളിൽ അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് (അമീബിക് മസ്തിഷ്ക ജ്വരം) സ്ഥിരീകരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ കേരളം തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി കേരളത്തിലേയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എവി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് തിരുവനന്തപുരം അപെക്സ് ട്രോമകെയർ സെന്ററിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ശിൽപശാല അഭിസംബോധന ചെയ്ത് സംസാരിച്ചു.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് ഗവേഷണം കേരളം ഏറ്റെടുക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആഗോള തലത്തിൽ തന്നെ ഇത്തരമൊരു ശ്രമം ആദ്യമായിട്ടായിരിക്കും നടക്കുക. തിരുവനന്തപുരത്ത് ക്ലസ്റ്റർ ഉണ്ടായപ്പോൾ ആദ്യ കേസ് കണ്ടുപിടിക്കാനും തുടർന്ന് മറ്റുള്ള രോഗബാധിതരെ കണ്ട് പിടിക്കാനും സാധിച്ചു. അവരെല്ലാം രോഗമുക്തരായി കൊണ്ടിരിക്കുകയാണ്. എന്ത് കാരണം കൊണ്ടാണ് സംസ്ഥാനത്ത് കേസുകളുടെ വർധനവ് ഉണ്ടാകുന്നതെന്ന് കണ്ടുപിടിക്കാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിലാണ് ഐസിഎംആർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പോലെയുള്ള വിദഗ്ധ സംഘടനകളുമായി ചേർന്നുള്ള ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതെന്നും മന്ത്രി വ്യക്തമാക്കി.

അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠന റിപ്പോർട്ട് കേരള യൂണിവേഴ്സിറ്റിയുടെ എൻവെയർമെന്റ് എഞ്ചിനീറിംഗ് വിഭാഗവും മലിനീകരണ നിയന്ത്രണ ബോർഡും കൂടി അവതരിപ്പിച്ചു. കേരളത്തിലെ ജലാശയങ്ങളിലെ അത്തരം സാഹചര്യങ്ങൾ വിലയിരുത്താൻ തീരുമാനമെടുത്തു. അതിലൂടെ അമീബയുടെ വളർച്ചയെ സഹായിക്കുന്ന ജൈവികവും അജൈവികവുമായ ഘടകങ്ങളെപ്പറ്റിയുള്ള വിശദമായ പഠനം നടത്തി ഏകാരോഗ്യ സമീപനത്തിലൂന്നിയ ആക്ഷൻപ്ലാൻ രൂപീകരിക്കാനും യോഗം തീരുമാനിച്ചു.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ് പ്രതിരോധത്തിന് കേരളം നടത്തുന്ന പ്രവർത്തനങ്ങൾക്ക് സംഘം എല്ലാ പിന്തുണയും നൽകി. ലോകത്ത് തന്നെ രോഗമുക്തി കൈവരിച്ചിട്ടുള്ളത് ആകെ 11 പേർ മാത്രമാണ്. സംസ്ഥാനത്ത് 2024ൽ 19 പേർക്കാണ് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ചത്. 5 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ രോഗമുക്തി നിരക്ക് കൂട്ടാൻ സാധിച്ചു. സംസ്ഥാനത്ത് ഇതുവരെ 4 പേരാണ് രോഗമുക്തി നേടിയത്. കേരളത്തിൽ രോഗം സ്ഥിരീകരിച്ച എല്ലാവർക്കും അമീബ കാണാൻ സാധ്യതയുള്ള മലിനമായ ജലവുമായി ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സമ്പർക്കം ഉണ്ടായിട്ടുണ്ട്. ഒരേ ജല സ്രോതസ് ഉപയോഗിച്ചവരിൽ ചിലർക്ക് മാത്രം രോഗം വരാനുള്ള കാരണം കണ്ടെത്താനായി ഐസിഎംആറിന്റേയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടേയും സഹായത്തോടെ ഒരു കേസ് കൺട്രോൾ പഠനം നടത്താനും തീരുമാനിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. റീത്ത, ചണ്ഡിഗഡ് പിജിഐഎംഇആർ പാരസൈറ്റോളജി വിഭാഗം മുൻ മേധാവി ഡോ. രാകേഷ് സെഗാൾ, ഐഐഎസ്. സി. ബാഗ്ലൂർ പ്രൊഫസർ ഡോ. ഉത്പൽ എസ് ടാറ്റു, കേരള യൂണിവേഴ്സിറ്റി എൻവെയർമെന്റ് എഞ്ചിനീറിംഗ് വിഭാഗത്തിലെ ഡോ. ശലോം ഞ്ജാന തങ്ക, സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഷീല മോസിസ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ ഖോബ്രഗഡെ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, അടെൽക് പ്രിൻസിപ്പൽ ഡോ. മായ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർ ഡോ. സുനിജ, അസി. ഡയറക്ടർമാർ, മെഡിക്കൽ കോളേജിലെ വിദഗ്ധർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# ചെണ്ടുമല്ലി പൂക്കളുടെ വിളവെടുപ്പ്

കിഴക്കമ്പലം : ഓണത്തോടനുബന്ധിച്ച് കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് വാർഡ് പതിനഞ്ചിൽ കൃഷി ചെണ്ടുമല്ലി പൂക്കളുടെ വിളവെടുപ്പ് മാത കുളങ്ങരയിൽ വർഗീസ് ഐസക്കിന്റെ പാടിയിൽ നടന്നു വിളവെടുപ്പ് മഹോത്സവം ഉദ്ഘാടനം സെന്റ് അഗസ്റ്റിൻസ് പള്ളി വികാരി ഫാ. പോൾ കൈപ്രമ്പാടൻ ഉദ്ഘാനം നിർവ്വഹിച്ചു ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനിരതിഷ് ഉൾപ്പടെ വാർഡ് പ്രതിനിധികൾ കുന്നത്തുനാട് നിയോജമണ്ഡലം കമ്മറ്റി മെമ്പർ ബേബി ജോൺ കോഡിനേറ്ററും വാർഡു മെമ്പറുമായ ഷീബ ടീച്ചർ കൃഷി ഭവൻ കുടുബശ്രീ തൊഴിലുറപ്പ് അംഗങ്ങൾ. നാട്ടുകാർ പങ്കെടുത്തു




**വയനാടിന് ഒരു കൈത്താങ്ങിന്റെ ഭാഗമായി മേപ്പാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലേക്ക് ആലുവ എഫ്ഐടി കമ്പനി നിർമ്മിച്ചു നൽകുന്ന ഫർണിച്ചറുകളുമായി പോകുന്ന വാഹനം മന്ത്രി പി രാജീവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.**

# വയനാടിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിന്റെ സഹായം

**ആലുവ:** ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് വയനാട്ടിലെ ഉരുൾപ്പൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് സഹായമായി മേപ്പാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലേക്കുള്ള ഫർണിച്ചറുമായി പോകുന്ന വാഹനം മന്ത്രി പി രാജീവ് ഫ്ളാഗ് ഓഫ് ചെയ്തു. അതോടൊപ്പം കമ്പനി ജീവനക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുന്ന സഹായനിധി എഫ്ഐടി ചെയർമാൻ ആർ അനിൽകുമാറിൽ നിന്നും മന്ത്രി ഏറ്റുവാങ്ങി. വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അൻവർ അലി, വൈസ് പ്രസിഡന്റ് അജി ഹക്കിം, ചൂർണിക്കര പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ്, എഫ്ഐടി മാനേജിംഗ് ഡയറക്ടർ കെ അഫ്സൽ അലി, പഞ്ചായത്തംഗങ്ങളായ മുഹമ്മദ് ഷെഫീഖ്, റൂബി ജിജി, റംല അലിയാർ ട്രേഡ് യൂണിയൻ ഭാരവാഹികളായ അഡ്വ. വി സലിം, എ എം യൂസഫ്, എം ജെ ടോമി, എഫ്ഐടി ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.



# നിർമല കോളേജിൽ സ്പേസ് വാരാഘോഷം സംഘടിപ്പിച്ചു

**മുവാറ്റുപുഴ:** നിർമല കോളേജിലെ ഭൗതികശാസ്ത്ര വിഭാഗം സ്പേസ് വാരാഘോഷം സംഘടിപ്പിച്ചു.

കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ചന്ദ്രനിൽ സ്പർശിക്കുമ്പോൾ ജീവിതങ്ങളെ സ്പർശിക്കുന്നു: ഇന്ത്യയുടെ ബഹിരാകാശ നേട്ടങ്ങൾ എന്ന വിഷയത്തിൽ ഇന്റർകോളേജിയേറ്റ് മത്സരങ്ങളും നടന്നു. വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ, ഇന്ത്യയുടെ ബഹിരാകാശ രംഗത്തെ നേട്ടങ്ങളും അവയുടെ സാമൂഹിക പ്രാധാന്യവും പ്രദർശിപ്പിക്കുന്ന പ്രോജക്റ്റുകൾ അവതരിപ്പിച്ചു. തുടർന്ന്, മാറുന്ന കാലാവസ്ഥയും ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ പങ്കും എന്ന വിഷയത്തിൽ തൊടുപുഴ ന്യൂമാൻ കോളേജ് ഫിസിക്സ് വിഭാഗം അധ്യാപകൻ ഡോ. സുബിൻ ജോസ് ക്ലാസുകൾ നയിച്ചു. കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ ഫിസിക്സ് വിഭാഗം മേധാവി ടിറ്റു തോമസ്, ഫിസിക്സ് വിഭാഗം അധ്യാപകരായ ഡോ. ബി രാജേഷ് കുമാർ, അഞ്ജലി ജോസ് എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചരിത്ര മുന്നേറ്റം: കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്

- കാൻസർ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ
- 14 ജില്ലകളിലും 14 കൗണ്ടറുകൾ
- സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച മുഖ്യമന്ത്രി നിർവഹിക്കും

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ 100ദിന കർമ്മപരിപാടികളുടെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് പുതിയൊരു പദ്ധതിയ്ക്ക് തുടക്കമിടുകയാണ്. വിലകൂടിയ കാൻസർ മരുന്നുകൾ സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന തെരഞ്ഞെടുത്ത കാരുണ്യ ഫാർമസികളിലൂടെ 'സീറോ പ്രോഫിറ്റായി' കമ്പനി വിലയ്ക്ക് ലഭ്യമാക്കുന്നു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കാരുണ്യ ഫാർമസികളിലെ 'കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്' പ്രത്യേക കൗണ്ടർ വഴിയാണ് മരുന്നുകൾ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 29ന് വൈകുന്നേരം 3.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒപി ബ്ലോക്ക് കാരുണ്യ ഫാർമസിയിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും.

വിലകൂടിയ കാൻസർ മരുന്നുകൾ ജനങ്ങൾക്ക് പരമാവധി വില കുറച്ച് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിയ്ക്ക് തുടക്കമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും തെരഞ്ഞെടുത്ത 14 കാരുണ്യ ഫാർമസികളിലെ കാരുണ്യ സ്പർശം കൗണ്ടറുകൾ വഴിയാണ് ഉയർന്ന വിലയുള്ള ആന്റി കാൻസർ മരുന്നുകൾ ലഭ്യമാക്കുക. 247 ബ്രാൻഡഡ് ഓങ്കോളജി മരുന്നുകളാണ് ലാഭമില്ലാതെ പ്രത്യേക കൗണ്ടർ വഴി ലഭ്യമാക്കുന്നത്. ഇതിനായി പ്രത്യേകം ജീവനക്കാരേയും നിയോഗിച്ചിട്ടുണ്ട്.

കാൻസർ ചികിത്സയ്ക്കുള്ള ബഹുഭൂരിപക്ഷം മരുന്നുകളും സീറോ പ്രോഫിറ്റായി ലഭ്യമാക്കുന്നു. ഇതിലൂടെ സംസ്ഥാനത്തെ കാൻസർ മരുന്ന് വിപണിയിൽ കേരള സർക്കാർ നിർണായക ഇടപെടലാണ് നടത്തുന്നത്. കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിലൂടെ ചികിത്സാ ചെലവ് കുറയുന്നത് രോഗികൾക്ക് വളരെയേറെ ആശ്വാസമാകുന്നതാണ്. നിലവിൽ സംസ്ഥാനത്ത് 74 കാരുണ്യ ഫാർമസികളാണ് ഉള്ളത്. ഇന്ത്യയിലെ വിവിധ ബ്രാൻഡഡ് കമ്പനികളുടെ 7,000ത്തോളം മരുന്നുകളാണ് ഏറ്റവും വിലകുറച്ച് കാരുണ്യ ഫാർമസികൾ വഴി നൽകുന്നത്. ഇത് കൂടാതെയാണ് കാൻസറിനുള്ള മരുന്നുകൾ പൂർണമായും ലാഭം ഒഴിവാക്കി നൽകുന്നത്.

## ആഗോള പ്രവാസി സംഗമത്തിൽ പ്രവാസി മീറ്റ് സംഘടിപ്പിക്കും

**ശിവഗിരി :** സെപ്റ്റംബർ 16, 17 തീയതികളിൽ ശിവഗിരിയിൽ സംഘടിപ്പിക്കുന്ന ആഗോള പ്രവാസി സംഗമത്തിൻറെ ഒന്നാം ദിവസമായ 16 നു വൈകുന്നേരം ഏഴു മണിക്ക് വിദേശ രാജ്യങ്ങളിൽ നിന്നും എത്തിച്ചേരുന്ന ഗുരുദേവ ഭക്തരുടെ പ്രവാസി മീറ്റ് സംഘടിപ്പിക്കുന്നതാണ്. കമ്മിറ്റി ചെയർമാൻ കെ. ജി. ബാബുരാജൻറെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ പ്രവാസി സംഗമത്തിൻറെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് മഠം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി വിശദീകരിക്കും. ശിവഗിരിമഠത്തിൻറ വികസന പദ്ധതികളെക്കുറിച്ച് ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി മാസ്റ്റർ പ്ലാൻ അവതരിപ്പിക്കും. കെ. മുരളീധരൻ അബുദാബി ചെയർമാൻ, വൈസ് ചെയർമാൻമാരായ ഡോ. സുധാകരൻ, എ. വി. അനൂപ്, ജനറൽ കൺവീനർ ജയപ്രകാശ്, കൺവീനർ അമ്പലത്തറ രാജൻ, കോ ഓർഡിനേറ്റർ അനിൽ തടാലിൻ എന്നിവരും പ്രവാസികളായ വിവിധ സംഘടനകളുടെ ഭാരവാഹികളും ചർച്ചകൾക്ക് നേതൃത്വം നൽകും. ഗുരുദേവസന്ദേശ പ്രചരണത്തിൽ മഹത്തായ സംഭാവനകൾ നൽകിയ വ്യക്തികളെ പ്രവാസി മീറ്റിൽ വച്ചു ആദരിക്കും.

## വൈദ്യുതി നിരക്ക്: പൊതുതെളിവെടുപ്പ് സെപ്റ്റംബർ 5 ന്

**കൊച്ചി :**വൈദ്യുതി നിരക്ക് പരിഷ്കരിക്കുന്നതിനു സംസ്ഥാന വൈദ്യുതി ബോർഡ് സമർപ്പിച്ചിട്ടുള്ള നിർദേശങ്ങളിൻമേൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനായി വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ തെളിവെടുപ്പ് സെപ്റ്റംബർ 5 ന് രാവിലെ 10.30 മുതൽ എറണാകുളം കോർപറേഷൻ ടൗൺഹാളിൽ നടത്തും. ഇതു കൂടാതെ തപാൽ മുഖേനയും ഇ മെയിൽ kserc@erckerala.org മുഖേനയും സമർപ്പിക്കാം. രണ്ട് മാർഗങ്ങളിലൂടെയും അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ, കെപിഎഫ്സി ഭവനം, സി വി രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ സെപ്റ്റംബർ 10 ന് അഞ്ചുമണിവരെ സ്വീകരിക്കും.



## ജീവിതത്തെ വളരെ നിസ്സംഗമായി കാണുന്ന വ്യക്തിത്വമായിരുന്നു ടി.എം ചുമ്മാറിന്റേതെന്ന് പ്രൊഫ. എം കെ സാനു

**കൊച്ചി :** ജീവിതത്തെ വളരെ നിസംഗമായി കാണുന്ന വ്യക്തിത്വമായിരുന്നു ടിഎം ചുമ്മാറിന്റേതെന്നും ഈ നിസംഗത അദ്ദേഹത്തിന്റെ എല്ലാ രചനകളിലും കാണുവാൻ സാധിക്കും. തന്റെ ആഹ്ലാദമോ പരിതാപമോ ഒന്നും കടന്നു വരാതെ വളരെ നിസ്സംഗമായ ഗദ്യമാണ് അദ്ദേഹം എഴുതുന്നതെന്ന് പ്രൊഫസർ എം കെ സാനു അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററും ടി.എം ചുമ്മാർ മെമ്മോറിയൽ ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ചു ടി. എം ചുമ്മാർ നൂറ്റി ഇരുപത്തഞ്ചാം വാർഷികം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫൗണ്ടേഷൻ പ്രസിഡൻറ് മാത്യു ജോസഫ് അധ്യക്ഷത വഹിച്ചു. ടി. എം. ചുമ്മാർ ഭാഷാമിത്ര പുരസ്കാരം,ബഹുമുഖ പ്രതിഭയായ ജോഷി ജോർജിന് മുൻ എം. പി. ഡോ. സെബാസ്റ്റ്യൻ പോൾ സമർപ്പിച്ചു. പ്രൊഫ. എം തോമസ് മാത്യു, സിപ്പി പള്ളിപ്പുറം ചാവറ കൾച്ചറൽ സെൻറർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ., ജോഷി ജോർജ്, വി ജെ തോമസ് എന്നിവർ പ്രസംഗിച്ചു.

## കൗൺസിലർ താത്കാലിക നിയമനം

**കൊച്ചി :** പട്ടികജാതി വികസന വകുപ്പിനു കീഴിൽ ആലുവ കീഴ്മാട് പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും, കൗൺസിലിംഗും നൽകുന്നതിന് 202425 വർഷത്തേയ്ക്ക് പ്രതിമാസം ഓണറേറിയമായി 20,000 രൂപ നിരക്കിൽ കൗൺസിലറുടെ നിയമനത്തിന് ഉദ്യോഗാർത്ഥികളെ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. കൗൺസിലിംഗിൽ പരിചയ സമ്പന്നരും, സൈക്കോളജി/സോഷ്യൽ വർക്ക്/സോഷ്യോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവുമുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥി കളെയാണ് തെരഞ്ഞെടുക്കുന്നത്. (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളില്ലെങ്കിൽ മറ്റ് വിഭാഗക്കാരെ പരിഗണിക്കും.) നിയമനം തികച്ചും താത്കാലികവും, അദ്ധ്യയന വർഷാവസാനം വരെ ആയിരിക്കും. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് എന്നിവ സഹിതം സെപ്റ്റംബർ മൂന്നിന് (ചൊവ്വാഴ്ച) രാവിലെ 10.30 ന് എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷ9 മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0484 2422256.

